# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5487**

**18.11.2019-ൽ മറുപടിക്ക്**

## ഇൻഡ്യ റിസർവ് ബറ്റാലിയൻ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|
| (എ) ഇൻഡ്യ റിസർവ് ബറ്റാലിയൻ എന്ന വിഭാഗം കേന്ദ്രസേന ആണോ എന്ന് വ്യക്തമാക്കുമോ; | (എ) ഇൻഡ്യാ റിസർവ് ബറ്റാലിയൻ കേന്ദ്ര സേനയല്ല. എന്നാൽ അടിയന്തര സാഹചര്യങ്ങളിൽ കേന്ദ്രസർക്കാർ ആവശ്യപ്പെടുന്ന പ്രകാരം ഇന്ത്യയിലെവിടെയും വിന്യസിക്കുന്നതിനായി പ്രസ്തുത ബറ്റാലിയൻ സേനാംഗങ്ങളുടെ സേവനം സംസ്ഥാന സർക്കാർ ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥ നിലവിലുണ്ട്. |
| (ബി) ഇൻഡ്യ റിസർവ് ബറ്റാലിയന്റെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുവേണ്ടി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെ എന്ന് വെളിപ്പെടുത്തുമോ; | (ബി) ഇൻഡ്യാ റിസർവ് ബറ്റാലിയനായി സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്കായി സമിതി രൂപീകരിച്ചിട്ടില്ല. |
| (സി) ഇൻഡ്യ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (സി) ഇൻഡ്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി നിലവിൽ പരിഗണിക്കുന്നില്ല. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇൻഡ്യ റിസർവ് ബറ്റാലിയനിൽ ഹവിൽദാർ പ്രമോഷൻ നടത്തുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; കാരണം അറിയിക്കുമോ; | (ഡി) | ഇൻഡ്യ റിസർവ് ബറ്റാലിയനിൽ നിലവിലുള്ള 160 ഹവിൽദാർ തസ്തികകളിലേക്ക് റെഗുലർ, കമാന്റോ വിഭാഗങ്ങളിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനുള്ള അനുപാതം 1:1 ആയി നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട OA 757/16-ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30/3/2017-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇരു വിഭാഗങ്ങളിൽ നിന്നും ഹവിൽദാർ തസ്തികയിലേക്കുള്ള പ്രൊമോഷൻ സ്പെഷ്യൽ റൂൾ രൂപീകരിക്കപ്പെടുന്നതു വരെ 7:3 എന്ന അനുപാതത്തിൽ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾ നിലവിൽ വരുന്ന മുറയ്ക്ക് മാത്രമേ ഹവിൽദാർ തസ്തികയിലേക്ക് സ്ഥിരപ്രൊമോഷൻ നടത്താൻ കഴിയുകയുള്ളൂ. |
| (ഇ) | ഇൻഡ്യ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾ അതത് ജില്ലകളിലേക്ക് ട്രാൻസ്ഫർ ആകുന്നതും മറ്റ് ജോലി നോക്കുന്ന പോലീസുകാർ ഇന്റർ ഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ ആകുന്നതിലും എന്തെങ്കിലും ബന്ധമുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഇ) | ഇല്ല |
| (എഫ്) | പത്ത് വർഷത്തെ സേവനത്തിനു ശേഷം ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾക്ക് അതത് ജില്ലകളിലേക്ക് ട്രാൻസ്ഫർ നൽകുവാൻ വ്യവസ്ഥയുണ്ടോ എന്നും പ്രസ്തുത ട്രാൻസ്ഫറിനായി ഗവൺമെന്റ് മുൻകൂട്ടി ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ; | (എഫ്) | ഇൻഡ്യ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് സേനയിൽ 10 വർഷത്തെ സേവനം പൂർത്തീകരിച്ചശേഷം ഓപ്ഷന്റെ അടിസ്ഥാനത്തിൽ ജില്ലാ സിവിൽ പോലീസ് കേഡറിലേക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ജി) | കേരള സർക്കാർ നിശ്ചയിക്കുന്ന ഏത് വിഭാഗത്തിലും ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ? | (ജി) | സംസ്ഥാന സർക്കാർ നിയോഗിക്കുന്ന എവിടെയും ജോലി ചെയ്യാൻ ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾ ബാദ്ധ്യസ്ഥരാണ്. |

**സെക്ഷൻ ഓഫീസർ**